**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2365** **21-01-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ തുക എത്ര വീതമായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇക്കാലയളവിൽ എത്ര പേർക്കാണ് ഇങ്ങനെ സാമൂഹ്യക്ഷേമ പെൻഷൻ ലഭിച്ചുവന്നിരുന്നത്; ഇവ നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക, ഗുണഭോക്താക്കളുടെ എണ്ണം ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത നിരക്കായിരുന്നു. ഇക്കാലയളവിൽ 4132826 പേർക്കാണ് സാമൂഹ്യസുരക്ഷ/ ക്ഷേമനിധി ബോർഡു പെൻഷൻ ലഭിച്ചിരുന്നത്. ഇവ നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് 260.35 കോടി രൂപയും വ്യത്യസ്ത കാലയളവുകളിലായി കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക് ഏകീകൃത കാലയളവ് ഉണ്ടായിരുന്നില്ല. |
| (ബി) | സർക്കാർ അധികാരമേറ്റെടുത്ത ശേഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സർക്കാർ അധികാരമേറ്റെടുത്ത ശേഷം വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് കുടിശ്ശികയുണ്ടായിരുന്ന 1473.67 കോടി രൂപയും, ക്ഷേമനിധി ബോർഡുകൾക്ക് കുടിശ്ശിക നൽകാനുണ്ടായിരുന്ന 260.35 കോടി രൂപയും ചേർത്ത് ആകെ 1734.02 കോടി രൂപ കുടിശ്ശിക തീർക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ എത്ര തവണയായി എത്ര രൂപ വീതം വിവിധ സാമൂഹികക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ എത്ര രൂപയാണ് ഈയിനത്തിൽ പ്രതിമാസം ചെലവഴിക്കുന്നത്; എത്രയാളുകൾക്ക് ഇങ്ങനെ ക്ഷേമപെൻഷനുകൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും ക്ഷേമപെൻഷനുകളിൽ കുടിശ്ശികയുണ്ടോ; | (സി) | ഈ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓരോന്നും 01.06.2016 ൽ 1000/- രൂപയായും 01.04.2017 മുതൽ 1100/- രൂപയായും, 01.04.2019 മുതൽ 1200/- രൂപയായും ഉയർത്തുകയും, ഉയർന്ന നിരക്കിൽ പെൻഷൻ അനുവദിക്കപ്പെട്ടിരുന്നവർക്ക് അത് തുടർന്നും വാങ്ങുവാനും അനുവദിച്ചിരുന്നു. വിവിധ ക്ഷേമനിധി പെൻഷനുകൾക്കും ഈ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് 21.02.2018 മുതൽ പെൻഷൻ തുക 1100/- രൂപയിൽ നിന്നും |

| | | | |
|---|---|---|---|
| | | | 1300/- രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 01.04.2020 മുതൽ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡ്ഡു പെൻഷൻ തുക 1300/- രൂപയായും, 01.09.2020 മുതൽ 1400/-യായും വർദ്ധിപ്പിച്ചിരുന്നു. 05/01/2021-ലെ സ.ഉ(എം.എസ്.)നം. 3/2021/ധന പ്രകാരം 2021 ജനുവരി മുതൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ്ഡു പെൻഷൻ തുക1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രതിമാസം ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 710.81 കോടി രൂപ ചെലവുവരും (2020 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം (1400/- രൂപ നിരക്കിൽ)). 1500/- രൂപ നിരക്കിൽ പെൻഷൻ നൽകുമ്പോൾ പ്രതിമാസ ചെലവ് 41.64 കോടി രൂപ കൂടി വർദ്ധിക്കുന്നതായിരിക്കും. നിലവിൽ 5252843 പേർക്കാണ് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ്ഡു പെൻഷനുകൾ നൽകുന്നത്. നിലവിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ്ഡു പെൻഷൻ കുടിശ്ശികയില്ല. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷനുകൾ വ്യക്തികൾക്ക് നൽകിയിരുന്നത് എങ്ങനെയാണ്; ഇപ്പോൾ ഇതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഡി) | പോസ്റ്റോഫീസ് അക്കൗണ്ട്, ബാങ്ക് അക്കൗണ്ട്, ഇലക്ട്രോണിക് മണിയോർഡർ എന്നിവ വഴിയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷനുകൾ നൽകിയിരുന്നത്. ശാരീരിക അവശതകളോ വൈകല്യങ്ങളോ ഉള്ള ഗുണഭോക്താക്കൾക്ക് മാത്രമായി ഇലക്ട്രോണിക് മണിയോർഡർ സംവിധാനം പരിമിതപ്പെടുത്തിയിരുന്നു. പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം ബാങ്കു മുഖേനയോ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ടോ ഇപ്പോൾ വിതരണം ചെയ്തു വരുന്നു. സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണത്തിനായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ്ഡു പെൻഷനുകൾ അതത് മാസം വിതരണം ചെയ്തുവരുന്നു. |
| (ഇ) | പുതുതായി ഏതെങ്കിലും ക്ഷേമപെൻഷൻ ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത്; എത്രയാണ് പ്രതിമാസ പെൻഷൻ എന്നറിയിക്കുമോ? | (ഇ) | ഈ സർക്കാർ പുതുതായി സാമൂഹ്യക്ഷേമ പെൻഷനുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടി-ല്ലാത്തവരുമായ 50 വയസ്സ കഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് പൊതുമാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം, മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിക്കാവുന്നതാണെന്ന് |

| | | | |
|---|---|---|---|
| | | | 31/03/2020-ലെ സർക്കുലർ നം. 17/2020/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ